

"Navakali yathra"... A sculpture by Ramkinkar Beij

# 'സത്യമേവ ജയതേ'

എഴുത്തും ചിത്രവും കബിതാ മുഖോപാധ്യായ

**ഭൂമിയിലെ മുഴുവൻ മനുഷ്യഹൃദയങ്ങളുടെയും ഭൂപടത്തിലൂടെ നടന്നുവന്ന രണ്ട് സമകാലികരായ മഹത്തുക്കൾ: ടാഗോറും ഗാന്ധിജിയും. അർഥവത്തായ ഒരു ലക്ഷ്യത്തിന്റെ പൊതുവായ പ്രഖ്യാപനമായിരുന്നു അവരുടെ കൈകോർക്കൽ. ശാന്തിനികേതൻ അനുഭവങ്ങളിലൂടെ ഗാന്ധിജിയെയും ടാഗോറിനെയും വരയ്ക്കുകയാണ് ബംഗാളി ചിത്രകാരിയായ ലേഖിക.**

'മാനവരാശിയെ മുഴുവൻ ഒരു കുടുംബമെന്ന് സങ്കല്പിക്കാനും പ്രപഞ്ചത്തിലെ മുഴുവൻ ജീവജാലങ്ങളെയും ബ്രഹ്മാണ്ഡത്തിന്റെ അനാദികാലങ്ങളായുള്ള ഒഴുക്കിലെ നശ്വരമായ കുമിളകൾപോലെ സങ്കല്പിക്കാനും കഴിവുള്ള മനുഷ്യരെ മഹാത്മാക്കൾ എന്നു പറയുന്നു.''

ഈ അപൂർവമായ വിശദീകരണം അമ്മയുടെ നാത്തുമ്പിൽ നിന്നാണ് ആദ്യം കേട്ടത്. എനിക്കന്ന് വയസ്സ് ഒമ്പതോ പത്തോ. വൈകുന്നേരത്തെ വിടവാങ്ങാൻതുടങ്ങിയ വെയിലിനൊപ്പം, മുല്ലയ്ക്കും പിച്ചകത്തിനും വെള്ളമൊഴിക്കുന്നതിനിടയിൽ അമ്മ പറയുന്നത് കേൾക്കുകയായിരുന്നു. അമ്മയുടെ അടുത്ത് പഠിക്കാൻവരുന്ന ഒരു വിദ്യാർഥിനി മഹാത്മാക്കളെക്കുറിച്ചുള്ള പാഠപുസ്തകത്തിലെ ജനനമരണ തീയതികളും വർഷങ്ങളും മനഃപാഠമാക്കാനുള്ള പ്രയാസത്തിനിടയിൽ ചോദിച്ചതിനുള്ള ഉത്തരമായിരുന്നു അത്. ശിഷ്യ പോയിക്കഴിഞ്ഞപ്പോൾ, പഠനമുറിവിട്ട്, വീട്ടിലെ മറ്റു ജോലികളിൽ വ്യാപൃതയായ അമ്മയോട് ചോദിച്ചു–''എന്താണ് നശ്വരം?''

''ചിലത് മുഴുവൻ കാലവും നിലനില്ലില്ല. അനുവദിക്കപ്പെട്ട സമയം കഴിയുമ്പോൾ നശിച്ചുപോവുന്നു'' –അമ്മ പറഞ്ഞു.

ചാമ്പക്കയുടെയും മാവുകളുടെയും ഇലപ്പടർപ്പുകൾക്കിടയിൽ ഇരുട്ടിന് കട്ടി കൂടിക്കൂടി വരികയായിരുന്നു. മുല്ലപ്പൂക്കൾ മാത്രം ഇരുട്ട് തളംകെട്ടിക്കിടന്ന കുളത്തിലെ വെള്ളത്തിന്റെ പശ്ചാത്തലത്തിൽ നക്ഷത്രങ്ങൾപോലെ തിളങ്ങി. അമ്മ മടക്കിവിളിച്ചു.

''വാ, ഇനി അവിടെ പടർപ്പുകൾക്കിടയിൽ അലഞ്ഞുതിരിയണ്ട.''

ഏകാന്ത പാരിജാതത്തെയും കൂട്ടംകൂട്ടമായി വളർന്നുനിന്ന കൃഷ്ണതുളസിച്ചെടികളെയും വിട്ട് വരാന്തയിലെത്തി. അമ്മ സന്ധ്യാദീപത്തിന് തിരിയൊരുക്കുകയായിരുന്നു.

''മാ, അനശ്വരം എന്നുപറഞ്ഞാൽ എന്താണർഥമാക്കുന്നത്? അതൊരിക്കലും അവസാനിക്കാത്തതിനെയാണോ?''

അമ്മ തലകുലുക്കി. അതേയെന്ന് സമ്മതിച്ചു. ആകാശത്തിലും ഭൂമിയിലും മുഴുവൻ ഒരിക്കലും നശിക്കാത്ത ഒന്നിനെ തിരക്കി മനസ്സലഞ്ഞുകൊണ്ടിരുന്നു. ഈ സന്ധ്യയും ഇപ്പോൾത്തന്നെ ഇല്ലാതാവും. അമ്മയുടെ മുഖത്ത് പുതിയ സന്ധ്യാദീപത്തിന്റെ പ്രകാശരേണുക്കൾ. ഇതും ഇപ്പോൾ ഇല്ലാതാവുമോ? എങ്കിൽ? ഇനി തംബുരുവുമായി പാടാനിരിക്കണം. പുറത്ത് ചീവിടുകളുടെ കരച്ചിൽ. വള്ളിപ്പടർപ്പുകളിൽ തടഞ്ഞുനിന്ന ഇരുട്ട് ഇപ്പോൾ ചുറ്റുപാടിലേക്കും കവിഞ്ഞൊഴുകിയിട്ടുണ്ട്. വീടിന്റെ കിഴക്കേ മുറിയിൽ എണ്ണവിളക്കിലെ വെളിച്ചത്തിന്റെ തുരുത്ത്. ആവുന്നത്ര ഇമൻ രാഗത്തിൽ ആലാപനം ചെയ്തുകഴിഞ്ഞപ്പോൾ അമ്മ പറഞ്ഞു:

''സമയം. അതുമാത്രമാണ്
അനശ്വരം.''

''മഹാത്മാക്കൾ, അവർ
ഒരിക്കലും മരിക്കില്ല.''

''അവർ, മനുഷ്യരാശിയുടെ നന്മയ്ക്കായി നല്ല കാര്യങ്ങൾ ചെയ്തുകൊണ്ട് കഴിയുകമൂലം, ശരീരം വെടിഞ്ഞാലും നല്ല മനസ്സും നല്ല കർമങ്ങളും സമയത്തിനൊപ്പം കൂടിച്ചേർന്ന് ഒഴുകിക്കൊണ്ടേയിരിക്കും.''

''ഇപ്പോൾ പാടിയ ഈ ഇമൻ രാഗമില്ലേ, ഇത് എന്നോ മറന്നുപോയ, ഏതോ കാലത്ത് പാടിയതാണ്. ഇത് സന്ധ്യക്കായി ചിട്ടപ്പെടുത്തിയതാണ്, എത്രയോ യുഗങ്ങൾക്കുശേഷവും ഇന്ന്, ഈ സന്ധ്യക്ക് ഈ രാഗം എത്ര അനായാസേന ഈ സന്ധ്യയിൽ അലിഞ്ഞുപോയി. ഈ മട്ടിലാണ് മഹാത്മാക്കളും അനശ്വരരായിത്തീരുന്നത്. ഈ മഹാത്മാക്കൾ ജീവിച്ചിരുന്ന കാലത്തെക്കാളും ഉന്നതർ. മരണത്തിനും തോല്പിക്കാൻ പറ്റാത്തവർ.''


പതുക്കെ, പതുക്കെ ഇത്തരം അറിവുകൾ ലഭിച്ചുകൊണ്ടേയിരുന്നു. ഞാനൊരു ബംഗാളി, ഞാനൊരു ഇന്ത്യൻ, ഞാനൊരു ഏഷ്യൻ, ഞാനൊരു മനുഷ്യൻ. മനുഷ്യരാശി എന്നുപറഞ്ഞാൽ എന്ത് എന്നും മനസ്സിലായി. ഇതോടുകൂടി മരണമില്ലാത്ത അനശ്വരർ ആരെന്നും മനസ്സിലായിത്തുടങ്ങി. എത്രകാലം കഴിഞ്ഞിട്ടും എന്തൊക്കെ സംഭവങ്ങൾ കടന്നുപോയാലും ഈ മനസ്സിലാക്കലിന്റെ അളവുകോലും അതിന്റെ ഈണവും മറക്കാതെ നിലനില്ക്കുന്നു.

ശാന്തിനികേതനിൽ എത്തിയ ആദ്യദിവസം. എല്ലാം പുതുമയാർന്നത്. പുതിയ ഹോസ്റ്റൽ, ആനന്ദസദൻ. ഉച്ചയ്ക്ക് കലാഭവനിൽ നിന്ന് ഒറ്റയ്ക്ക് മടങ്ങിവരുന്നു. കലാഭവന്റെ പിന്നിലെ ഗെയ്റ്റിലൂടെ പുറത്തിറങ്ങുമ്പോൾ ഒരു രണ്ടുനില കെട്ടിടത്തിന്റെ ഉയരത്തോളംപോന്ന ഗാന്ധിപ്രതിമ. ചരൽക്കല്ലുകൾ, മണൽ, സിമന്റ്. ഇതിനു മുകളിൽ കാലത്തിന്റെ അടയാളങ്ങൾ. ബ്ലാക് ഹൗസ് കടന്ന്, വഴിയുടെ ഇടതുവശത്ത്, ഹോസ്റ്റലിന്റെ പശ്ചാത്തലത്തിൽ, മൂന്നുനില കെട്ടിടത്തിന്റെ ഉയരത്തോളംപോന്ന ബുദ്ധപ്രതിമ. രാംകിങ്കർ ബെയ്ജിന്റെ ശില്പം. റോഡിന്റെ മറുവശത്ത്, കുറച്ച് ദൂരെയായി ഇതേ ശില്പി നിർമിച്ച സുജാത. ശിരസ്സിൽ ബുദ്ധന് കഴിക്കാനുള്ള ഭക്ഷണത്തിന്റെ കുടുക്ക. അനശ്വരമായ ശില്പം. ദേഹമാസകലം ഒരു വല്ലാത്ത കിടിലം അനുഭവപ്പെട്ടു. കുറേക്കാലം കഴിഞ്ഞാണെങ്കിലും രബീന്ദ്രനാഥ്, രാംകിങ്കർ ബേയ്ജ് നടന്ന വഴിയിലൂടെയാണ് ഞാനിപ്പോൾ നടക്കുന്നതെന്ന് ഓർമവന്നു. അനശ്വരമായ മണ്ണിലൂടെയാണ് ഞാനിപ്പോൾ നടക്കുന്നതെന്ന് മനസ്സിലായി. ഈ മനസ്സിലാക്കലിനൊപ്പം തനിച്ചാണ് എന്ന ഈ പുതിയ സ്ഥലത്തെ ചിന്തയും വിട്ടൊഴിഞ്ഞു. ഹോസ്റ്റലിൽ തിരിച്ചെത്തി. ഏറെ എനിക്കിഷ്ടമായിരുന്ന, ടാഗോറിന്റെ കവിതാസമാഹാരമായ 'സൽചയിത' പുറത്തെടുത്ത്, വീണ്ടും വായിച്ചു.

ആജി ഹോതേ ശതവർഷോ പാരേ..

''ഇന്നുതൊട്ട് നൂറു
വർഷങ്ങൾക്കു ശേഷം
വളരെ ജിജ്ഞാസയോടെ
എന്റെ ഈ കവിത വായിക്കുന്ന





നീ ആരാണ്?
ഇന്നത്തെ ആദ്യവസന്തത്തിന്റെ
ഒരു തരിയെങ്കിലും
ഇന്നത്തെ ഏതെങ്കിലും ഒരു പൂവ്
ഇന്നത്തെ ഏതെങ്കിലും
കിളിയുടെ പാട്ട്
ഇന്നത്തെ ഏതെങ്കിലും
ഒരു തുള്ളി ചുവപ്പ്
അനുരാഗത്തിൽ നനച്ച് എനിക്ക്
നിങ്ങളുടെ
കൈകളിൽ എത്തിക്കാനാവുമോ?
ഇന്നുതൊട്ട് നൂറു
വർഷങ്ങൾക്കു ശേഷം–
എന്റെ വസന്തത്തിന്റെ ഗാനം
നിന്റെ വസന്തത്തിന്റെ
ദിനത്തിൽ–
ഒരു നൊടിയിടയെങ്കിലും
മുഴങ്ങട്ടെ..."

വാസ്തവം! കാലത്തിന്റെ അപാരത, ഒരു നൊടിയിട പിൻകഴുത്തിൽ പതുക്കെ തലോടിക്കടന്നുപോയതുപോലെ ശരീരം രോമാഞ്ചമണിഞ്ഞു. എന്റെ ഇളം മനസ്സ് കവിയുടെ ഇത്രവലിയ ആശ കാൺകെ അത്ഭുതംകൂറി. ഇത്രദൂരംവരെ പിടിവള്ളി നീട്ടാനാവുമോ? തീർച്ചയായും. അല്ലെങ്കിൽ നൂറുവർഷം മുൻപ് രചിച്ച വരികൾ എങ്ങനെ മനസ്സിനെ മഥിക്കും? ഹൃദയത്തിന്റെ ഈ മന്ത്രണം നിഷേധിക്കാനാവാത്ത സത്യമാണെങ്കിലും ഇതെങ്ങനെ മറ്റൊരാളെ കാണിച്ചുകൊടുക്കാനാവും? ഈയൊരു നിമിഷം, ഒരാൾക്ക് തനിച്ച് അനുഭവിക്കാനാവും. എല്ലാവർക്കും അനുഭവവേദ്യമാവും. തനിച്ച് മാത്രം; ഒരു നൊടിയിട നേരത്തേക്ക് മാത്രം. ഇതുപോലെ, ബീഗം അക്തറിന്റെ കച്ചേരിയിൽ ആയിരങ്ങൾ സദസ്സിലുണ്ടാവും. ചൂരൽക്കാടിന് കാറ്റ് പിടിച്ചതുപോലെ അവരൊക്കെ ഉലഞ്ഞാടിയിട്ടുണ്ടാവും. എന്നാൽ ഈ നിമിഷത്തിന്റെ ഹൃദയമിടിപ്പ് ഓരോരുത്തർക്കും ഒറ്റയ്ക്കായിരിക്കും അനുഭവിച്ചിട്ടുണ്ടാവുക.

മഴയെത്തുമ്പോൾ, കാവൽക്കാരന്റെ മനസ്സുമുതൽ വലിയ വീട്ടിലെ ധനികന്റെ മനസ്സുവരെ അതുവരെയുള്ള അവസ്ഥയിൽനിന്ന് മാറുന്നു. പൊടുന്നനവെ, ഇടിമിന്നൽ ഉണ്ടാവുമ്പോൾ കുട്ടികളും യുവാക്കളും പ്രായം കൂടിയവരുമൊക്കെത്തന്നെ ഞെട്ടിത്തെറിച്ചു പോകുന്നുവോ അതുപോലെ മനുഷ്യരാശിക്കിടയിലും എവിടെയോ സമാനതയുടെ ഒരു വീണാതന്ത്രി ശ്രുതി ചേർത്തു ബന്ധിച്ചിട്ടുണ്ട്. ഈ സമാനതയുടെ തന്ത്രി എവിടെയെന്ന് ആർക്ക് ചൂണ്ടിക്കാണിച്ചുതരാനാവുമോ, ശാന്തിയുടെയും, സഹവർത്തിത്വത്തിന്റെയും വിദ്യ ആർക്ക് മനസ്സിലാക്കിത്തരാനാവുമോ. അവരെയാണ് മഹാത്മാക്കൾ എന്ന് പറയുന്നത്.

ശാന്തിനികേതനിലെ വായുവിലെ ചരിത്രത്താളുകളിലെ ഏറ്റവും ജീവസ്സുറ്റ സാമീപ്യമാണ് രബീന്ദ്രനാഥ് ടാഗോർ. ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്ന് എത്തുന്ന ദേശാടനപക്ഷികളുടെ കൂട് എന്ന് ടാഗോർ വിശേഷിപ്പിച്ച വിശ്വഭാരതി, മറ്റൊരു യുഗപുരുഷനെക്കൂടി സദാ ഓർമപ്പെടുത്തിക്കൊണ്ടിരിക്കും- മഹാത്മാഗാന്ധി.

ഭൂമിയിലെ മുഴുവൻ മനുഷ്യഹൃദയങ്ങളുടെയും ഭൂപടത്തിലൂടെ നടന്നുവന്ന ഈ രണ്ട് സമകാലികരായ മഹത്തുക്കൾ, അവരുടെ ആശ, സ്വപ്നം, വിശ്വാസം എങ്ങനെ പരസ്പരം കൈമാറിയെന്നതിൻെറ ചരിത്രരേഖകൾ കത്തുകളുടെ രൂപത്തിൽ വിശ്വഭാരതിയിലെ രബീന്ദ്രഭവനിൽ സൂക്ഷിച്ചിട്ടുണ്ട്. മറ്റ് രേഖകൾ, ഗാന്ധിയെക്കുറിച്ച് ടാഗോർ എഴുതിയ പ്രബന്ധങ്ങൾ, കുറേ പ്രഭാഷണങ്ങൾ, ഇതിലെല്ലാം ടാഗോർ മഹാത്മജിയെ സത്യസന്ധവും യുക്തിപരവുമായി വിലയിരുത്തിയിട്ടുണ്ട്.

**ടാഗോറിൻെറ ശാന്തിനികേതൻ, ദേശത്തിൻെറ നിർമാണ, ഭരണക്രമത്തിൻെറ പരീക്ഷണശാലയിൽ രൂപംകൊണ്ട മാതൃകയെന്ന് പറഞ്ഞാൽ തെറ്റാവില്ല. ഈ കലാലയത്തിൻെറ പൂർണരൂപം, കവിയുടെ പരിശ്രമങ്ങളുടെ ഫലമായി, ഓരോരോ തുള്ളികൾ ചേർന്ന് രൂപംകൊണ്ടതാണ്.**

അദ്ദേഹം മഹാത്മജിയെ നിത്യതയുടെ ഉയരങ്ങളിലാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്.

ടാഗോറിൻെറ ശാന്തിനികേതൻ, ഒരു ദേശത്തിൻെറ നിർമാണ, ഭരണക്രമത്തിൻെറ പരീക്ഷണശാലയിൽ നിന്ന് രൂപംകൊണ്ട മാതൃകയാണെന്ന് പറഞ്ഞാൽ അത് തെറ്റായിരിക്കില്ല. ഈ കലാലയത്തിൻെറ പൂർണരൂപം, കവിയുടെ അശ്രാന്ത പരിശ്രമങ്ങളുടെ ഫലമായി, ഓരോരോ തുള്ളികൾ ഒത്തുചേർന്ന് രൂപംകൊണ്ടതാണ്.

1863-ൽ മഹർഷി ദേവേന്ദ്രനാഥ ടാഗോർ സ്ഥാപിച്ച, ഒരാശ്രമംപോലെ ചെറിയ ശാന്തിനികേതനെ ഒരു ദേശീയ കലാലയമായി ഈസ്റ്റിന്ത്യാ കമ്പനിയുടെ കാലത്താണ് ടാഗോർ പോഷിപ്പിച്ചെടുത്തത്. കവിതയെഴുത്തിലൂടെ കവിയുടെ മാസവരുമാനം, അന്ന് ഇരുന്നൂറ് രൂപ. പഠനസൗകര്യത്തിനായുള്ള പുതിയ കെട്ടിടങ്ങളുടെ പണികഴിപ്പിച്ചത് ഭാര്യയുടെ മുഴുവൻ സ്വർണാഭരണങ്ങളും വിറ്റ പണംകൊണ്ടാണ്. കവിയുടെ അപൂർവം ചില സുഹൃത്തുക്കൾ ശമ്പളമില്ലാതെ ജോലി ചെയ്യാൻ തയ്യാറായി. വിരലിലെണ്ണാവുന്ന വിദ്യാർഥികളുമായി ശാന്തിനികേതൻ സ്കൂൾ ആരംഭിക്കുന്നത് 1901-ൽ. പുതിയ വിദ്യാഭ്യാസരീതി, പുതിയ പാഠപുസ്തകങ്ങൾ, അക്ഷര പരിചയത്തിനായി, ടാഗോർ എഴുതി, നന്ദലാൽ ബോസ് രൂപകല്പന ചെയ്ത സഹോജ് പാഠ് എന്ന പാഠപുസ്തകം. പതുക്കെപ്പതുക്കെ വിദ്യാർഥികളുടെ അംഗസംഖ്യ വർധിക്കാൻ തുടങ്ങി. അതോടുകൂടി ഫണ്ടിൻെറ കാര്യത്തിലും വിഷമതകൾ കൂടിക്കൂടിവന്നു. ഇതിൽ അധികം വിദ്യാർഥികളും സ്വദേശീയ ആത്മവിശ്വാസം ചിലപ്പോൾ പ്രകടിപ്പിക്കുകമൂലം, കൽക്കത്തയിലെ ബ്രിട്ടീഷുകാർ നടത്തിയിരുന്ന വിദ്യാലയങ്ങളിൽനിന്ന് പിരിച്ചുവിട്ടവരായിരുന്നു. പുതിയ വിദ്യാഭ്യാസ സ്ഥാപനത്തിൻെറ നടത്തിപ്പിനായുള്ള ഫണ്ട് സ്വരൂപിക്കാൻ, ടാഗോർ രചിച്ച നൃത്തനാടകത്തിൻെറ അവതരണവുമായി ഇന്ത്യ മുഴുവൻ പര്യടനം ചെയ്തു. ഇതിൻെറ ലക്ഷ്യം പൂർണമായ സ്വയംപര്യാപ്തത ആർജിക്കുകയെന്നതായിരുന്നു. നിസ്സഹകരണ പ്രസ്ഥാനത്തിൻെറ കാലത്ത് (1921) വിശ്വഭാരതിയിലെ വിദ്യാർഥികളും അധ്യാപകരും ഗ്രാമഗ്രാമാന്തരങ്ങൾതോറും സഞ്ചരിച്ച് സ്വയംപര്യാപ്തതയുടെ അടിസ്ഥാനമായ സഹകരണ സംഘങ്ങൾക്കും ആരോഗ്യ സംരക്ഷണ പ്രസ്ഥാനങ്ങൾക്കും രൂപംനൽകുകയുണ്ടായി. ഇതിൻെറ ഫലമായി ശാന്തിനികേതൻ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ശ്രീനികേതൻ രൂപം പൂണ്ടു. ഇവിടെ കൃഷി, കൈത്തറി, മരപ്പണി ഉത്പന്നങ്ങൾ, കോഴിവളർത്തൽ, പാൽ ഉത്പന്നങ്ങൾ, മറ്റ് ചെറുകിട വ്യവസായങ്ങൾ എന്നീ മേഖലകളിൽ കേന്ദ്രീകരിച്ച് പരിശീലനവും നിർമാണ പ്രക്രിയകളും ഊർജിതമായിത്തന്നെ ആരംഭിച്ചു. ഇവിടെനിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കാനായി വിശ്വഭാരതി സഹകരണ സംഘങ്ങൾ സ്ഥാപിതമായി. വർഷംതോറുമുള്ള ശ്രീനികേതൻ ഫെസ്റ്റിവൽ സ്വയം പര്യാപ്തമായ മാർക്കറ്റിങ് പദ്ധതിക്ക് അടിത്തറപാകി. ഈ വേളയിൽ ടാഗോർ എഴുതി:


''എല്ലാ ദേശത്തും, വിദ്യാഭ്യാസം ജനങ്ങളുടെ ഇച്ഛാനുസരണം തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം ആധുനിക വിദ്യാഭ്യാസമെന്ന് പറഞ്ഞാൽ, വെറും ഗുമസ്തന്മാരെ, വക്കീലന്മാരെ, നിയമജ്ഞരെ, വിധിന്യായാധിപന്മാരെ, പൊലീസുകാരെ വാർത്തെടുക്കുകയെന്നതാണ്. ഈ വിദ്യാഭ്യാസരീതി, ഒരിക്കലും കൃഷിക്കാരെ, എണ്ണ ഉത്പാദിപ്പിക്കുന്നവരെ, മൺപാത്രം നിർമിക്കുന്നവരെ സഹകരിപ്പിക്കാൻ അനുവദിക്കുന്നതല്ല. മറ്റൊരു വിദ്യാസമ്പന്നമായ സമൂഹത്തിനും ഈ മട്ടിലുള്ള ഒരു ദുരന്തം നേരിടേണ്ടതായി വന്നിട്ടില്ല. ഇതിനു കാരണം നമ്മുടെ പുത്തൻ കലാലയങ്ങൾ മണ്ണിൽനിന്ന് മുളച്ച്പൊന്തിയവയല്ല എന്നതാണ്. വിദേശ ആശയങ്ങൾ കുത്തിനിറച്ച പരാന്നഭോജികളുടെ സങ്കേതങ്ങളായിരുന്നു അവയെല്ലാം. എപ്പോഴെങ്കിലും ഒരു പുതിയ ഇന്ത്യൻ കലാലയം തുടങ്ങാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത് ചുറ്റുവട്ടത്തെ ഗ്രാമങ്ങളുടെ സാമ്പത്തിക ഭദ്രതയെ കണക്കിലെടുത്തുകൊണ്ട്, സ്വയം ആർജിച്ച സാമ്പത്തിക വിദ്യാഭ്യാസം, കൃഷി, ആരോഗ്യം, കന്നുകാലി സമ്പത്ത്, മറ്റെല്ലാ ദൈനംദിന ശാസ്ത്രനേട്ടങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കണം. എന്നാൽ മാത്രമേ, വിദ്യാഭ്യാസ സ്ഥാപനം, രാജ്യത്തിൻെറ ജീവിതരീതികളെ പ്രതിബിംബിക്കുന്ന കേന്ദ്രങ്ങളാവുകയുള്ളൂ. സ്വന്തം സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്താൻ സഹകരണ മാതൃക അനുശീലിക്കുകയും അധ്യാപകരെയും വിദ്യാർഥികളെയും ചുറ്റുപാടിലുള്ള ജനങ്ങളെയും ഒന്നിച്ച് ചേർത്തുള്ള പ്രവർത്തനവും അനിവാര്യമാണ്. ഞാൻ ഈ മാതൃകാ വിദ്യാഭ്യാസ സ്ഥാപനത്തെ വിശ്വഭാരതി എന്ന് വിളിക്കാൻ ശുപാർശ ചെയ്യുന്നു. നമ്മൾക്കിപ്പോൾ വേണ്ടത് ബുദ്ധിപരവും ആത്മീയവുമായ നിന്ദയിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്. വിശ്വഭാരതി ഇന്ത്യയുടെതാണ്. എന്നാൽ അത് ഭൂലോകത്തിലെ മുഴുവൻ മനുഷ്യരുടെയും ആത്മീയസത്തയുടെ പരിപോഷണ കേന്ദ്രമായിരിക്കണം.

1918 മുതൽ വിശ്വഭാരതി, എല്ലാവിധ സജ്ജീകരണങ്ങളുമായി ഒരു ബൃഹത്‌യൂനിവേഴ്സിറ്റിയായി പ്രവർത്തനമാരംഭിക്കുകയും മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു അന്താരാഷ്ട്ര കലാലയമായി ലോകത്തിലെ മുഴുവൻ മനുഷ്യരുടെയും ഏകീകരണമെന്ന സന്ദേശവുമായി പ്രവർത്തന നിരതമാവുകയും ചെയ്തു.

ഈ സമയത്താണ്, മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്ന് തിരിച്ചെത്തുകയും സ്വാതന്ത്ര്യസമരത്തിൻെറ നേതൃത്വം ഏറ്റെടുക്കുകയും ചെയ്യുന്നത്. 1914-ലാണ് ഗാന്ധിജി ടാഗോറിനെ ആദ്യമായി കാണുന്നത്. ഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ ഫിനിക്സ് സ്കൂളിലെ വിദ്യാർഥികളുമായി വിശ്വഭാരതി സന്ദർശിച്ച വേളയിലായിരുന്നു അത്. ആ മാർച്ചിലെ പത്താംതീയതി ഗാന്ധിജിയെ സ്വീകരിക്കാൻ ഏർപ്പാടുചെയ്ത് സദസ്സിൽ വെച്ചുതന്നെ ടാഗോർ പ്രഖ്യാപിച്ചു-ഈ മാർച്ച് പത്ത് സ്വയംസേവനദിനമായി ആചരിക്കാൻ പോവുകയാണ്. അത് ഇന്നും തുടർന്നു പോവുന്നു. ഇതിനുശേഷം പലത

കബിതാ
മുഖോപാധ്യായ





വണ ഗാന്ധിജിയും ടാഗോറും കാണുകയുണ്ടായി. ഗാന്ധിജി ശാന്തിനികേതൻ ശൈലിയിൽ ടാഗോറിനെ ഗുരുദേവ് എന്ന് സംബോധന ചെയ്യാനും തുടങ്ങിയിരുന്നു.

ചില കാര്യങ്ങളിൽ അഭിപ്രായഭിന്നതകൾ നിലനിന്നിരുന്നെങ്കിലും ഇവർ രണ്ടുപേരും പരസ്പരം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. ഗാന്ധിജിയുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ സംശയലേശമെന്യേ ടാഗോർ പിൻതുണച്ചിരുന്നതുപോലെ, ടാഗോറിൻെറ ലോകമാനവികതയെ ഒരുമിപ്പിക്കാനുള്ള വിശ്വഭാരതിയെന്ന കേന്ദ്രത്തെക്കുറിച്ചുള്ള സ്വപ്നങ്ങളെ ഗാന്ധിജിയും പൂർണമനസ്സാൽ പിന്തുണച്ചിരുന്നു. ഒരു ലക്ഷ്യത്തിൽ രണ്ടുപേരും ഒരുമിച്ചിരുന്നു. അത് ലോകത്തിലെ മുഴുവൻ ജനതയെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു സന്നദ്ധസേനയെ അനീതിക്കും അസത്യത്തിനും എതിരെ സംഘടിപ്പിക്കുകയെന്നതിലായിരുന്നു. 1921-ലെ സപ്തംബർ ആറ്-അന്ന് കൽക്കത്തയിലെ ജോടാസാകോയിലെ വിചിത്രഭവനിൽ ഗാന്ധിജിയും ടാഗോറുമായി കൂടിക്കാഴ്ച നടന്നു. ആ കൂടിക്കാഴ്ചയിലാണ് വിശ്വഭാരതിയുടെയും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൻെറയും ഒട്ടേറെ പ്രധാനപ്പെട്ട ഭാവിപരിപാടികൾക്ക് രൂപം നല്കാനായത്.

1931-ൽ മഹാത്മാഗാന്ധിയുടെ ജന്മദിനാഘോഷങ്ങൾക്കിടയിൽ ടാഗോർ തൻെറ ആശ്രമത്തിലെ ശിഷ്യരോട് ഇങ്ങനെ പറയുകയുണ്ടായി:

"ശുഭജന്മമെടുത്ത മഹാരഥന്മാർ, വെറും ഈ സമയത്തിൻേറതു മാത്രമല്ല. അവരുടെ ഈ സമയത്തെ പ്രവർത്തനങ്ങൾ മാത്രം കണക്കിലെടുത്താൽ, ശാശ്വതമായ പശ്ചാത്തലത്തിൽ അവരുടെ വ്യക്തിത്വത്തെ ചെറുതാക്കി കാണുകയായിരിക്കും. ഈമട്ടിൽ ചിന്തിച്ചാൽ നമ്മൾ ഇന്ന് ആരുടെ ജന്മദിനം ആഘോഷിക്കുന്നുവോ, അദ്ദേഹത്തിൻെറ വ്യത്യസ്തത എന്താണ് എന്ന് മനസ്സിലാവും. അദ്ദേഹത്തെ നാം നോക്കിക്കാണുന്നത് അദ്ദേഹവുമായി ബന്ധപ്പെട്ട രാഷ്ട്രീയമൂല്യങ്ങളിലൂടെ കൈവരിക്കാവുന്ന ലക്ഷ്യങ്ങളെ മുൻനിർത്തി മാത്രമായിരിക്കില്ല. നാം മനസ്സിലാക്കേണ്ടത് ആ ശക്തിയുടെ മഹത്ത്വത്തെക്കുറിച്ചും ആ ശക്തിയാൽ എത്രമാത്രം ഊക്കോടെ അദ്ദേഹം ഇന്ത്യയുടെ മുഴുവൻ ജനങ്ങളുടെയും ആത്മബോധം ഉണർത്തിയെന്നതുമാണ്. മഹാത്മ ഉണർന്നെഴുന്നേല്ക്കുന്നതിനു വേണ്ട കരുത്താണ് നല്കിയത്. മഹാത്മ പാകിയ കരുത്ത്, സ്വന്തം സ്വത്വബോധത്തെ ഉണർത്താനായിരുന്നു, മഹാത്മാ പ്രായോഗികരംഗത്ത് ഈ മാതൃകയെ ശക്തമായ രീതിയിലും വിപുലമായ അളവിലും കർമപദ്ധതിയുടെ മേഖലകളിലൊക്കെ സന്നിവേശിപ്പിച്ചുകൊണ്ട്, നിർഭയമായ ആത്മപ്രകാശനത്തെ യഥാർഥ ജീവിതത്തിൽ പ്രയോഗത്തിൽ വരുത്തുകയായിരുന്നു. മഹാത്മജിയുടെ ജീവിതത്തിൻെറ ചൈതന്യം രാജ്യത്തിൻെറ മുക്കിലും മൂലയിലും വ്യാപിച്ചു. അത് നമ്മുടെ ബലഹീനതയെ ദൂരീകരിച്ചു. സാധനയിൽ ഊന്നിയുള്ള ഈ ഗാന്ധിയുടെ പ്രതിമ, നിത്യതയുടെ പെഡസ്റ്റലിലാണ് നിലനില്ക്കുന്നത്.

1940 ഫിബ്രവരിയിലാണ് ഗാന്ധിജി ടാഗോറിനെ അവസാനമായി സന്ദർശിക്കുന്നത്. ഈ സന്ദർഭത്തിലാണ്, ടാഗോർ തൻെറ അവസാനത്തെ ആഗ്രഹം ഗാന്ധിജിയുമായി പങ്കുവെക്കുന്നത്. അതായത് അദ്ദേഹത്തിൻെറ കാലശേഷം വിശ്വഭാരതിയുടെ ചുമതല ഗാന്ധിയിൽ അർപ്പിതമാകണമെന്നത്.

നൊബേൽ പ്രൈസിൻെറ തുകയും പ്രസിദ്ധീകരണരംഗത്തു നിന്നുള്ള വരുമാനങ്ങളും കഴിഞ്ഞിട്ടും സാമ്പത്തികമായ ബാധ്യതകൾ എപ്പോഴും ബാക്കിയായിരുന്നു. ഇടയ്ക്കിടയ്ക്കൊക്കെ ശാന്തിനികേതനിലെ നൃത്തനാടക സംഘങ്ങളുമായി ടാഗോർ യാത്ര നടത്തിക്കൊണ്ടേയിരുന്നു. ഫണ്ട് ശേഖരണമെന്ന ഉദ്ദേശ്യത്തിലപ്പുറം ഈ യാത്രകൾ വിശ്വഭാരതിയുടെ സന്ദേശം നാടിൻെറ നാനാഭാഗങ്ങളിലും എത്തിക്കാൻ അവസരമൊരുക്കി. ഗാന്ധിജി സ്വന്തം ഉത്തരവാദിത്വത്തിൽത്തന്നെ ധാരാളം ധനാഗമന മാർഗങ്ങൾ ശാന്തിനികേതനിൻെറ സാമ്പത്തികബാധ്യതകളെ സഹായിക്കുന്നതിനായി സ്വീകരിച്ചിരുന്നു. ഗാന്ധിജിക്ക് ഈ പ്രായാധിക്യത്തിലും കവി ഇത്തരം കെട്ടുപാടുകളിൽ കിടന്ന് തളർന്നുപോവരുത് എന്ന് നിർബന്ധമുണ്ടായിരുന്നു.

നമ്മുടെ സംസ്കാരത്തിൻെറ ഉത്തുംഗമായ ഈ രണ്ട് സ്തൂപങ്ങൾ, പരസ്പരം കൈകോർത്ത സഖാക്കളെപ്പോലെ ഏകതയോടെ നിലനില്ക്കുന്നു. അർഥവത്തായ ഒരു ലക്ഷ്യത്തിൻെറ പൊതുവായ പ്രഖ്യാപനത്തോടെ. മനുഷ്യരാശിക്ക് ഏകതയുടെ ഈണം നല്കിക്കൊണ്ട്. സത്യത്തിൽ അധിഷ്ഠിതമായ ആത്മസത്തയുടെ വെളിച്ചം പരത്തിക്കൊണ്ട്. മഹാത്മാക്കൾക്ക് മനുഷ്യരിലുള്ള വിശ്വാസം അനശ്വരമാണ്. ജീവിതത്തിൻെറ രണ്ട് ബൃഹത്തായ ക്യാൻവാസുകളിൽ ഉടനീളം സമൃദ്ധമായ ജീവിതവുമായി; മുഴുവൻ വസ്തുതാപരമായ കർമപദ്ധതിയുമായി.

മരിക്കുന്നതിന് മൂന്നു മാസം മുൻപ്, കവി എൺപതാമത്തെ ജന്മദിനത്തിൽ ശാന്തിനികേതനിലെ സദസ്സിനെ അഭിസംബോധന ചെയ്തു. അതായിരുന്നു ഈ ലോകത്തോടുള്ള അദ്ദേഹത്തിൻെറ അവസാന വാക്കുകൾ. അദ്ദേഹം തീവ്രമായ വേദനയിലായിരുന്നു. യുദ്ധത്തിൻെറ സർവതോമുഖമായ നശീകരണത്താലും ക്രൂരമായ കടന്നാക്രമണത്താലും നാഗരികതയുടെ സംഘർഷം മാനുഷികതയെ തകർത്ത്, പാശ്ചാത്യരുടെ കടന്നാക്രമണത്തിലൂടെ മനുഷ്യരിൽ ആർത്തിയും സ്വാർഥതയും മാത്രം നിറച്ചു. എന്നാലും അന്ത്യംവരെ മനുഷ്യരിലുള്ള വിശ്വാസം അദ്ദേഹം മുറുകെ പിടിച്ചു. ആയിരത്തി തൊള്ളായിരത്തി നാല്പത്തൊന്ന് ആഗസ്റ്റ് 7-ന് കവി അന്ത്യശ്വാസം വലിച്ചു. കുറച്ചു വർഷങ്ങൾക്കു ശേഷം, രാഷ്ട്രീയത്തിൻെറ തിളച്ചുമറിയലിനിടയിൽ നാഥുറാം ഗോഡ്സെയുടെ വെടിയേറ്റ് ഗാന്ധിജിയും നിലംപതിച്ചു. പക്ഷേ, ആർക്കും പറയാനാവാത്ത മനുഷ്യൻെറ ആന്തരിക സത്തയാണ് അദ്ദേഹം മനുഷ്യനിൽ പ്രാവർത്തികമാക്കിയത്. കാലത്തിൻെറ കണ്ണിലൂടെ നോക്കിയാൽ മനസ്സിലാവും സത്യമാണ് മുന്നേറുന്നതെന്ന്.

> **നമ്മുടെ സംസ്കാരത്തിൻെറ ഉത്തുംഗമായ രണ്ട് സ്തൂപങ്ങൾ. പരസ്പരം കൈകോർത്ത സഖാക്കളെപ്പോലെ നില്ക്കുന്നു. മഹാത്മാക്കൾക്ക് മനുഷ്യരിലുള്ള വിശ്വാസം അനശ്വരമാണ്. ജീവിതത്തിൻെറ ക്യാൻവാസുകളിൽ ഉടനീളം സമൃദ്ധ ജീവിതവുമായി; വസ്തുതാപരമായ കർമപദ്ധതിയുമായി.**

ഞാൻ കണ്ണടച്ചാലും എനിക്ക് കാണാൻ കഴിയുന്നു, ശാന്തിനികേതനിലെ, വിശ്വഭാരതിയിലെ ചുമരുകളില്ലാത്ത ആശ്രമത്തിൻെറ പ്രവേശനകവാടം. അതിൻെറ ഗോപുരവാതിലിൽ എഴുതിയിട്ടുണ്ട്:

സത്യമേവ ജയതേ. ആനന്ദരൂപം മൃതം യദ് വിഭാതി. ഇതാണ് അനശ്വരം! ■

പരിഭാഷ: **പ്രഭാകരൻ**